**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6274** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കാൻ നടപടി യിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഡാമുകൾ ഏതൊക്കെയാണെന്ന അവയുടെ നിർമ്മാണ വർഷം, ഇവയുടെ സംഭരണ ശേഷി എന്നിവ സംബന്ധിച്ച വിവരം ഇനം തിരിച്ച വിശദമാക്കാമോ; | (എ) | ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഡാമുകളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | നീരൊഴുക്കിനെ തുടർന്ന് ഡാമുകളിൽ വർഷങ്ങളായി അടിഞ്ഞിട്ടുള്ള എക്കലും, ചെളിയും മൂലം ഡാമുകളുടെ സംഭരണശേഷിയിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ജലസേചന വകുപ്പിനു കീഴിലുള്ള ഡാമുകളിൽ KERI പീച്ചി വിവിധ വർഷങ്ങളിലായി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞുകൂടിയിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ ഡാമുകളിൽ നിന്ന് എക്കലും, മണ്ണും, മണലും നീക്കം ചെയ്യുന്നതിനു വേണ്ടി (ഡീസിൽറ്റേഷൻ) ഒരു അടിസ്ഥാന പ്രവർത്തന നടപടിക്രമം (Standard Operation Procedure (SOP)) അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ പൈലറ്റ് പ്രൊജക്ടുകളാക്കി നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖകളും ടി ഉത്തരവിലൂടെ അംഗീകരിച്ചിരുന്നു.<br><br>നിലവിൽ മംഗലം, ചുള്ളിയാർ. മീങ്കര, വാളയാർ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>മലമ്പുഴ, മലങ്കര, കാരാപ്പുഴ, പഴശ്ശി, മണിയാർ, കുറ്റ്യാടി, നെയ്യാർ, തെന്മല എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.<br><br>KERI പീച്ചിയുടെ നേതൃത്വത്തിൽ ആധുനിക സംവിധാനമായ Bathymetric സംവിധാനം ഉപയോഗിച്ച് സെഡിമെന്റേഷൻ പഠനം ചിമ്മിനി, വാഴാനി ഡാമുകളിൽ നടത്തിയിരുന്നു. ഈ പഠന |

പ്രകാരം ചിമ്മിനി ഡാമിന്റെ സംഭരണശേഷിയിൽ നാമമാത്രമായ കുറവേ ഉണ്ടായിട്ടുള്ളുവെന്ന് കണ്ടെത്തിയിരുന്നു. കൂടാതെ വാഴാനി ഡാമിൽ 2019-ൽ നടത്തിയ പഠന പ്രകാരം 2009-ൽ നടന്ന സെഡിമെന്റേഷൻ സ്റ്റഡിയെ അപേക്ഷിച്ച് റിസർവോയറിന്റെ കപ്പാസിറ്റി സംഭരണ ശേഷിയിൽ 1.231 $Mm^3$ കൂടിയതായി കണ്ടെത്തിയിട്ടുണ്ട്. 2018-19 പ്രളയ സമയത്ത് ഡാം തുറന്നതു മൂലം എക്കലും ചെളിയും ഒഴുകി പോയതാണ് സംഭരണശേഷി വർദ്ധിക്കാൻ കാരണമായതെന്ന് റിപ്പോർട്ടിൽ പറയുന്നു. മലങ്കര ഡാമിൽ നടത്തിയ പഠനത്തിൽ യഥാർത്ഥ ജലസംഭരണ ശേഷിയായ 36.36 $Mm^3$ -ൽ നിന്നും 18.561 $Mm^3$ ആയി കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ തെന്മല, നെയ്യാർ എന്നീ ഡാമുകളിൽ നടത്തിയ പഠനത്തിൽ സംഭരണ ശേഷി കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സംഭരണശേഷി കുറവ് വന്നിട്ടുള്ള ഡാമുകളിൽ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംഭരണശേഷി കുറവ് വന്നിട്ടുള്ള ഡാമുകളിൽ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മലമ്പുഴ, മംഗലം, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, ശിരുവാണി, മീങ്കര, വാളയാർ, ചുള്ളിയാർ, പഴശ്ശി, കാരാപ്പുഴ, കുറ്റ്യാടി അണക്കെട്ടുകളിൽ KERI Peechi സെഡിമെന്റേഷൻ പഠനം നടത്തിയിട്ടുണ്ട്. പഴശ്ശി ഡാമിൽ KERI Peechi 2011, 2016, 2021 വർഷങ്ങളിൽ Bathymetric Study നടത്തുകയും സംഭരണശേഷി 2021 ഓടെ 44.167 $Mm^3$ ആയി കുറഞ്ഞത് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. കാരാപ്പുഴ ഡാമിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കലും ചെളിയും മൂലം ഡാമിന്റെ സംഭരണശേഷിയിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് 2016, 2021 വർഷങ്ങളിൽ KERI Peechi, Bathymetric Study നടത്തുകയും റിസർവോയറിൽ അടിഞ്ഞു കൂടിയ ചെളി, എക്കൽ എന്നീ sedimentaiton ന്റെ അളവ് കണ്ടെത്തുകയും ചെയ്തിട്ടുമുണ്ട്.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി അണക്കെട്ടിനോട് ചേർന്ന റിസർവോയറിലെ സംഭരണ ശേഷിയെ പറ്റിയുള്ള പഠനം KERI Peechi, 2019- ൽ നടത്തുകയുണ്ടായി. പ്രസ്തുത പഠന പ്രകാരം ഡാമിന്റെ സംഭരണശേഷി 36.65% കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലമ്പുഴ, പഴശ്ശി,

| | | | |
|---|---|---|---|
| | | | കുറ്റ്യാടി, കാരാപ്പുഴ എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പാക്കുന്നതിനു മുന്നോടിയായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതോടനുബന്ധിച്ചുള്ള Soil Investigation നടത്തുന്നതിനായി KERI Peechi, ക്ക് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി രേഖ തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന മുറക്ക് ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.<br><br>മംഗലം അണക്കെട്ടിൽ ചെളി നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കോടതി വ്യവഹാരം നടന്നു കൊണ്ടിരിക്കുകയാണ്. മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ ചെളിയും, എക്കലും മണലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കാഞ്ഞിരപ്പുഴ അണക്കെട്ടിൽ അടിഞ്ഞുകൂടിയ സെഡിമെന്റ്സ് നീക്കം ചെയ്യുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിന് മണ്ണിന്റെ ഘടന മനസ്സിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിനു കീഴിലുള്ള ഡാമുകളിലെ ചെളിയും മണലും നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) യുടെ കാര്യാലയത്തിൻ കീഴിൽ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചി നടത്തിയ പഠനത്തിൽ കണ്ടെത്തിയ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. വാഴാനി, ഭൂതത്താൻകെട്ട്, പഴശ്ശി, മണിയാർ എന്നീ ഡാമുകളുടെ ഒറിജിനൽ കപ്പാസിറ്റി ലഭ്യമല്ലാത്തതിനാൽ സംഭരണശേഷിയിലെ കുറവ് കണ്ടെത്തുന്നതിനായി താരതമ്യപഠനം നടത്തുവാൻ സാധിച്ചിട്ടില്ല. |
| (സി) | ഈ മഴ സീസൺ കഴിയുമ്പോൾ സംസ്ഥാനത്തെ മുഴുവൻ ഡാമുകളിലേയും ചെളിയും എക്കലും നീക്കം ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ജലസേചന വകുപ്പിനു കീഴിലുള്ള ഡാമുകളിൽ KERI പീച്ചി വിവിധ വർഷങ്ങളിലായി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞുകൂടിയിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ ഡാമുകളിൽ നിന്ന് എക്കലും, മണ്ണും, മണലും നീക്കം ചെയ്യുന്നതിനു വേണ്ടി (ഡീസിൽറ്റേഷൻ) ഒരു അടിസ്ഥാന പ്രവർത്തന നടപടിക്രമം (Standard Operation Procedure (SOP)) അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ പൈലറ്റ് പ്രൊജക്ടുകളാക്കി നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖകളും ടി ഉത്തരവിലൂടെ അംഗീകരിച്ചിരുന്നു. |

നിലവിൽ മംഗലം, ചുള്ളിയാർ. മീങ്കര, വാളയാർ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

മലമ്പുഴ, മലങ്കര, കാരാപ്പുഴ, പഴശ്ശി, മണിയാർ, കുറ്റ്യാടി, നെയ്യാർ, തെന്മല എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

KERI പീച്ചിയുടെ നേതൃത്വത്തിൽ ആധുനിക സംവിധാനമായ Bathymetric സംവിധാനം ഉപയോഗിച്ച് സെഡിമെന്റേഷൻ പഠനം ചിമ്മിനി, വാഴാനി ഡാമുകളിൽ നടത്തിയിരുന്നു. ഈ പഠന പ്രകാരം ചിമ്മിനി ഡാമിന്റെ സംഭരണശേഷിയിൽ നാമമാത്രമായ കുറവേ ഉണ്ടായിട്ടുള്ളുവെന്ന് കണ്ടെത്തിയിരുന്നു. കൂടാതെ വാഴാനി ഡാമിൽ 2019-ൽ നടത്തിയ പഠന പ്രകാരം 2009-ൽ നടന്ന സെഡിമെന്റേഷൻ സ്റ്റഡിയെ അപേക്ഷിച്ച് റിസർവോയറിന്റെ കപ്പാസിറ്റി സംഭരണ ശേഷിയിൽ 1.231 $Mm^3$ കൂടിയതായി കണ്ടെത്തിയിട്ടുണ്ട്. 2018-19 പ്രളയ സമയത്ത് ഡാം തുറന്നതു മൂലം എക്കലും ചെളിയും ഒഴുകി പോയതാണ് സംഭരണശേഷി വർദ്ധിക്കാൻ കാരണമായതെന്ന് റിപ്പോർട്ടിൽ പറയുന്നു. മലങ്കര ഡാമിൽ നടത്തിയ പഠനത്തിൽ യഥാർത്ഥ ജലസംഭരണ ശേഷിയായ 36.36 $Mm^3$ -ൽ നിന്നും 18.561 $Mm^3$ ആയി കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ തെന്മല, നെയ്യാർ എന്നീ ഡാമുകളിൽ നടത്തിയ പഠനത്തിൽ സംഭരണ ശേഷി കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സംഭരണശേഷി കുറവ് വന്നിട്ടുള്ള ഡാമുകളിൽ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംഭരണശേഷി കുറവ് വന്നിട്ടുള്ള ഡാമുകളിൽ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മലമ്പുഴ, മംഗലം, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, ശിരുവാണി, മീങ്കര, വാളയാർ, ചുള്ളിയാർ, പഴശ്ശി, കാരാപ്പുഴ, കുറ്റ്യാടി അണക്കെട്ടുകളിൽ KERI Peechi സെഡിമെന്റേഷൻ പഠനം നടത്തിയിട്ടുണ്ട്. പഴശ്ശി ഡാമിൽ KERI Peechi 2011, 2016, 2021 വർഷങ്ങളിൽ Bathymetric Study നടത്തുകയും സംഭരണശേഷി 2021 ഓടെ 44.167 $Mm^3$ ആയി കുറഞ്ഞത് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. കാരാപ്പുഴ ഡാമിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കലും ചെളിയും മൂലം ഡാമിന്റെ

| | | | |
|---|---|---|---|
| | | | സംഭരണശേഷിയിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് 2016, 2021 വർഷങ്ങളിൽ KERI Peechi, Bathymetric Study നടത്തുകയും റിസർവോയറിൽ അടിഞ്ഞു കൂടിയ ചെളി, എക്കൽ എന്നീ sedimentaiton ന്റെ അളവ് കണ്ടെത്തുകയും ചെയ്തിട്ടുമുണ്ട്.<br><br>കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി അണക്കെട്ടിനോട് ചേർന്ന റിസർവോയറിലെ സംഭരണ ശേഷിയെ പറ്റിയുള്ള പഠനം KERI Peechi, 2019- ൽ നടത്തുകയുണ്ടായി. പ്രസ്തുത പഠന പ്രകാരം ഡാമിന്റെ സംഭരണശേഷി 36.65% കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലമ്പുഴ, പഴശ്ശി, കുറ്റ്യാടി, കാരാപ്പുഴ എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പാക്കുന്നതിനു മുന്നോടിയായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതോടനുബന്ധിച്ചുള്ള Soil Investigation നടത്തുന്നതിനായി KERI Peechi, ക്ക് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി രേഖ തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന മുറക്ക് ഡീസിൽറ്റേഷൻ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.<br><br>മംഗലം അണക്കെട്ടിൽ ചെളി നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കോടതി വ്യവഹാരം നടന്നു കൊണ്ടിരിക്കുകയാണ്. മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ ചെളിയും, എക്കലും മണലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കാഞ്ഞിരപ്പുഴ അണക്കെട്ടിൽ അടിഞ്ഞുകൂടിയ സെഡിമെന്റ്സ് നീക്കം ചെയ്യുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിന് മണ്ണിന്റെ ഘടന മനസ്സിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിനു കീഴിലുള്ള ഡാമുകളിലെ ചെളിയും മണലും നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) യുടെ കാര്യാലയത്തിൻ കീഴിൽ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചി നടത്തിയ പഠനത്തിൽ കണ്ടെത്തിയ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. വാഴാനി, ഭൂതത്താൻകെട്ട്, പഴശ്ശി, മണിയാർ എന്നീ ഡാമുകളുടെ ഒറിജിനൽ കപ്പാസിറ്റി ലഭ്യമല്ലാത്തതിനാൽ സംഭരണശേഷിയിലെ കുറവ് കണ്ടെത്തുന്നതിനായി താരതമ്യപഠനം നടത്തുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

| ക്രമ നമ്പർ | ഡാമിന്റെ പേര് | നിർമ്മാണം പൂർത്തീകരിച്ച വർഷം | സംഭരണ ശേഷി |
|---|---|---|---|
| 1 | വാഴാനി | 1959 | 18.12 $Mm^3$ |
| 2 | ചിമ്മിനി | 1996 | 151.55 $Mm^3$ |
| 3 | മലങ്കര | 1994 | 37 $Mm^3$ |
| 4 | തെന്മല | 1986 | 504.92 $Mm^3$ |
| 5 | നെയ്യാർ | 1959 | 106.20 $Mm^3$ |
| 6 | മലമ്പുഴ | 1955 | 226 $Mm^3$ |
| 7 | മംഗലം | 1957 | 25.49 $Mm^3$ |
| 8 | പോത്തുണ്ടി | 1971 | 50.914 $Mm^3$ |
| 9 | മീങ്കര | 1964 | 11.3 $Mm^3$ |
| 10 | ചുള്ളിയാർ | 1970 | 13.7 $Mm^3$ |
| 11 | വാളയാർ | 1964 | 18.4 $Mm^3$ |
| 12 | കാഞ്ഞിരപ്പുഴ | 1980 (ഭാഗികമായി പൂർത്തീകരിച്ചു) | 70.82 $Mm^3$ |
| 13 | പഴശ്ശി | 1961-ൽ പ്രവൃത്തി ആരംഭിച്ചു. 1979-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 1998-ൽ പൂർത്തീകരണം പ്രഖ്യാപിച്ചു | 49.084 $Mm^3$ |
| 14 | കാരാപ്പുഴ | 1978-ൽ പ്രവൃത്തി ആരംഭിച്ചു. 2005-ൽ ഡാമിൽ ജലസംഭരണം ആരംഭിച്ചു. | 1. വിഭാവനം ചെയ്ത പരമാവധി സംഭരണ ശേഷി 76.50$Mm^3$<br>2. സ്ഥലമെടുപ്പ് പൂർത്തിയാക്കാത്തതിനാൽ നിലവിലെ സംഭരണ ശേഷി 43.0927$Mm^3$ |
| 15 | കുറ്റ്യാടി | 1973 | 120.52 $Mm^3$ |
| 16 | പീച്ചി | 1957 | 94.946 $Mm^3$ |

സെക്ഷൻ ഓഫീസർ

അനുബന്ധം-II

| ക്രമ നം. | റിസർവോയറിന്റെ പേരും പഠനം നടത്തിയ വർഷവും | റിസർവോയറിൽ പഠനം നടത്തിയപ്പോഴുള്ള ജലനിരപ്പ് | റിസർവോയറിൽ പഠനംനടത്തിയപ്പോഴുള്ള ജലനിരപ്പിലെ ഒറിജിനൽ കപ്പാസിറ്റി | റിസർവോയറിൽ പഠനം നടത്തിയപ്പോഴുള്ള ജലനിരപ്പിലെ ലഭ്യമായ കപ്പാസിറ്റി | റിസർവോയറിൽ അടിഞ്ഞുകൂടിയ മണ്ണിന്റെയും ചെളിയുടെയും അളവ് | സംഭരണ ശേഷിയിൽ ഉണ്ടായ കുറവ് (%) |
|---|---|---|---|---|---|---|
| 1 | പൂമല (2010) | 92.960 | 0.580 | 0.569 | 0.010 | 1.90 |
| 2 | ശിരുവാണി((2011) | 877.500 | 24.200 | 22.559 | 1.641 | 6.78 |
| 3 | മംഗലം (2015) | 77.880 | 25.494 | 19.889 | 5.610 | 21.99 |
| 4 | ചുള്ളിയാർ (2017) | 147.370 | 4.589 | 3.449 | 1.140 | 24.84 |
| 5 | വാളയാർ (2018) | 200.660 | 12.762 | 10.650 | 2.110 | 16.55 |
| 6 | ചിമ്മിനി (2018) | 75.760 | 146.570 | 145.440 | 1.130 | 0.77 |
| 7 | പീച്ചി (2018) | 78.600 | 103.035 | 90.122 | 12.910 | 12.53 |
| 8 | മലമ്പുഴ (2019) | 113.000 | 176.167 | 127.800 | 48.370 | 27.46 |
| 9 | കുറ്റ്യാടി (2019) | 39.500 | 77.210 | 48.910 | 28.300 | 36.65 |
| 10 | നെയ്യാർ (2019) | 83.500 | 95.157 | 83.016 | 12.140 | 12.76 |
| 11 | വാഴാനി (2019) | 60.550 | ലഭ്യമല്ല | 15.143 | ....... | ..... |
| 12 | കാഞ്ഞിരപ്പുഴ (2020) | 97.100 | 68.593 | 51.609 | 16.980 | 24.76 |
| 13 | പോത്തുണ്ടി (2020) | 106.990 | 47.060 | 43.276 | 3.780 | 8.04 |
| 14 | മീങ്കര (2020) | 155.590 | 9.122 | 7.500 | 1.620 | 17.78 |
| 15 | കാരാപ്പുഴ (2021) | 758.650 | 44.306 | 38.741 | 5.570 | 12.56 |
| 16 | മലങ്കര (2021) | 41.840 | 36.360 | 18.561 | 17.790 | 48.95 |
| 17 | കല്ലട (2022) | 112.850 | 436.150 | 407.542 | 28.610 | 6.56 |
| 18 | പത്താഴക്കുണ്ട് (2023) | 129.050 | 1.580 | 1.537 | 0.040 | 2.72 |
| 19 | അസുരക്കുണ്ട് (2023) | 119.830 | 0.592 | 0.590 | 0.002 | 0.34 |
| 20 | ഭൂതത്താൻകെട്ട് (2019) | 34.200 | ലഭ്യമല്ല | 43.491 | ....... | ......... |
| 21 | പഴശ്ശി (2021) | 26.520 | ലഭ്യമല്ല | 44.167 | ........ | ........ |
| 22 | മണിയാർ (2022) | 34.600 | ലഭ്യമല്ല | 0.980 | 0.660 | ........... |
| 23 | പേപ്പാറ (KWA) (2006) | 104.500 | 40.000 | 31.318 | 8.682 | 21.71 |
| 24 | അരുവിക്കര (KWA) (2009) | 46.630 | 2.000 | 1.137 | 0.863 | 43.15 |
| 25 | പെരിങ്ങൽക്കുത്ത് (KSEB) (2020) | 423.980 | 32.000 | 27.240 | 4.760 | 14.89 |

സെക്ഷൻ ഓഫീസർ